# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

തുല്യത- മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി ബിരുദത്തിന് എം.എസ്.സി ബോട്ടണിയുമായി തുല്യത നൽകി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 സെക്ഷൻ

സ.ഉ.നം. 6021/എസി.എ5/2/തുല്യത/2017 — പി.ഡി.ഹിൽസ്,തീയതി: 11.10.2017

---

സൂചന:- 1. മഹാത്മാഗാന്ധി സർവ്വകലാശാല എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി ബിരുദത്തിന് എം.എസ്.സി ബോട്ടണിയുമായി തുല്യത ആവശ്യപ്പെട്ട് ശ്രീമതി. ഹീന മുഹമ്മദ് 03/07/2017-ൽ നൽകിയ അപേക്ഷ.

2. ബോട്ടണി (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ 30/09/2017-ലെ അഭിപ്രായം.

3. ഡീൻ ഫാക്കൽറ്റി ഓഫ് സയൻസ് 09/10/2017-ൽ നൽകിയ അഭിപ്രായം.

4. മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടി.

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി ബിരുദത്തിന് എം.എസ്.സി ബോട്ടണിയുമായി തുല്യത ആവശ്യപ്പെട്ട് സൂചന (1) പ്രകാരം ശ്രീമതി.ഹീന മുഹമ്മദ് അപേക്ഷ സമർപ്പിച്ചിരുന്നു.

ബോട്ടണി (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെയും ഫാക്കൽറ്റി ഓഫ് സയൻസ് ഡീനിന്റെയും വിദഗ്ധാഭിപ്രായം ഇക്കാര്യത്തിൽ നേടിയിരുന്നു. എം.എസ്.സി പ്ലാന്റ് ബയോടെക്നോളജിയുടേയും എം.എസ്.സി ബോട്ടണിയുടേയും പ്രവേശന യോഗ്യതയും പ്രോഗ്രാമിന്റെ ദൈർഘ്യവും ഒരു പോലെയാണെന്നും , ടി പ്രോഗ്രാമുകളുടെ പല കോഴ്സുകളുടെ ഉള്ളടക്കം തമ്മിലും സാമ്യമുള്ളതിനാൽ, എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി എം.എസ്.സി ബോട്ടണിയുമായിയുള്ള തുല്യത പരിഗണിക്കാമെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ബോട്ടണി (പി.ജി) ചെയർമാൻ അഭിപ്രായപ്പെട്ടിരുന്നു.

ഫാക്കൽറ്റി ഓഫ് സയൻസ് ഡീൻ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന് അറിയിച്ചിരുന്നു.

ആയതിനാൽ, എം.ജി സർവ്വകലാശാലയുടെ എം.എസ്.സി പ്ലാന്റ് ബയോടെക്നോളജി പ്രോഗ്രാമുമായി എം.എസ്.സി ബോട്ടണി പ്രോഗ്രാമുമായി തുല്യത നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ വൈസ് ചാൻസിലർ 10.10.2017 -ൽ ഉത്തരവായി തദനുസരണം ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ ബോട്ടണി (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെയും ഫാക്കൽറ്റി ഓഫ് സയൻസ് ഡീനിന്റെയും വിദഗ്ധാഭിപ്രായം അംഗീകരിച്ച് 10.10.2017-ൽ ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III(അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്.

1. ശ്രീമതി.ഹീന മുഹമ്മദ്
2. വൈസ് ചാൻസിലർ/പ്രോവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. എസി.സി/ കണ്ടന്റ് മാനേജ്മെന്റ്
5. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.7141/എസി എV/തുല്യത/2017